ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. 79-ാമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ദേശീയ പതാക ഉയർത്തും.

   President Droupadi Murmu to address the nation today on the eve of the 79th Independence Day. Prime Minister Narendra Modi will lead the celebrations from the iconic Red Fort in Delhi tomorrow.

2. സംസ്ഥാനത്തും സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് വിപുലമായ പരിപാടികൾ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയപതാക ഉയർത്തും.

   In Kerala Chief Minister Pinarayi Vijayan will hoist the national flag at Central Stadium in Thiruvananthapuram as part of the 79th Independence Day celebrations.

3. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും എസ്.പി അജിത് വിജയന് വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ.

**1090 Personnel of Police, Fire, Home Guard & Civil Defence and Correctional Services awarded Gallantry/Service Medals on the occasion of the Independence Day. SP Ajith Vijayan from Kerala has been awarded President's Police Medal for Distinguished Service.**

4. **തെരുവ് നായ വിഷയത്തിലെ മുൻ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെടുന്ന ഹർജികൾ സുപ്രീം കോടതി വിധി പറയാൻ മാറ്റി.**

**The Supreme Court today reserved Order on the pleas to stay the directions passed by a two-judge bench on the 11th of August to remove the stray dogs in Delhi National Capital Region to shelter homes.**

5. **കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്; കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

**IMD predicts heavy rainfall across various districts in Kerala. Fishing activities banned alone Kerala-Karnataka- Lakshadweep coasts.**

*****************************

## PRESIDENT ADDRESS

79-ാമത് സ്വാതന്ത്ര്യദിനത്തെ വരവേൽക്കാനൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം 7 ന് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെ മുഴുവൻ ശൃംഖലകളും ദൂരദർശനും അഭിസംബോധന പ്രക്ഷേപണം ചെയ്യും. സ്വാതന്ത്ര്യദിനമായ നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തും. തുടർന്ന് അദ്ദേഹം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം മുൻനിർത്തി, നവ ഭാരതം എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ. ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിനും ആഘോഷ പരിപാടികളിൽ പ്രത്യേക പ്രാധാന്യം നൽകും.

സംസ്ഥാനങ്ങളിൽ നിന്നുള്ള 210 പഞ്ചായത്തു തല പ്രതിനിധികൾ ന്യൂഡൽഹിയിലെ സ്വാതന്ത്ര്യദിനാഘോഷത്തിൽ ഇക്കുറി പ്രത്യേക അതിഥികളാകും. വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാജ്യത്ത് ഒരുക്കിയിട്ടുള്ളത്.

******************************

## INDEPENDENCE DAY TVM (INTRO)

സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. രാവിലെ 9 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**( വോയിസ്....)**

******************************

## GREEN PROTOCOL

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാളെ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും. സംസ്ഥാന പൊലീസിന്റെയും ഹോംഗാർഡ്, എൻ.സി.സി., സ്കൗട്ട്സ് എന്നിവരുടേയും നേതൃത്വത്തിൽ നടക്കുന്ന പരേഡിൽ മന്ത്രിമാർ അഭിവാദ്യം സ്വീകരിക്കും. ആഘോഷങ്ങളിലുടനീളം ഇക്കുറി ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കി പൊതുഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ദേശീയ പതാകയുടെ നിർമ്മാണം, വിതരണം, വിൽപന, ഉപയോഗം മുതലായവ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

******************************

## HAR GHAR TIRANGA

സ്വാതന്ത്ര്യദിനാഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യവ്യാപകമായി നടക്കുന്ന ഹർഘർ തിരംഗ പ്രചാരണ പരിപാടിക്ക് മികച്ച പ്രതികരണം. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ വീടുകളിൽ ദേശീയ പതാക ഉയർത്തി കാമ്പയിൻറെ ഭാഗമായി. രാജ്യവ്യാപകമായി തിരംഗാ റാലികളും, വിദ്യാർത്ഥികൾക്കായി ദേശഭക്തി അടിസ്ഥാനമാക്കിയുള്ള മത്സരങ്ങളും നടന്നു വരികയാണ്. ഹർഘർ തിരംഗയുടെ ഭാഗമായി റെയിൽവേ സുരക്ഷാ സേന തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബൈക്ക് റാലിയിൽ നാൽപതിലേറെ ജീവനക്കാർ അണി നിരന്നു. ITBP 27-ാം ബറ്റാലിയൻ ആലപ്പുഴ നൂറനാട് സംഘടിപ്പിച്ച തിരംഗാ യാത്രയിൽ 200-ലേറെ സൈനികരും നാട്ടുകാരും പങ്കെടുത്തു.

*************************************

## INDEPENDENCE DAY MEDALS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പോലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവന മെഡലുകൾക്ക് 1090 പേർ അർഹരായി . 233 പേർക്ക് ധീരതയ്ക്കുള്ള മെഡലും, 99 പേർക്ക് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലും 758 പേർക്ക് സ്തുത്യർഹ സേവനത്തിനുള്ള മെഡലും ലഭിച്ചു . കേരളത്തിൽ നിന്നും എസ്.പി അജിത് വിജയൻ വിശിഷ്ട സേവനത്തിനുള്ള പോലീസ് മെഡൽ നേടി. സ്തുത്യർഹ സേവനത്തിനുള്ള പോലീസ് മെഡലുകൾക്ക് സംസ്ഥാനത്ത് നിന്നുള്ള 10 ഉദ്യോഗസ്ഥർ അർഹരായി.

*************************************

## PREZ – AMRIT UDYAN

രാഷ്ട്രപതി ഭവനിലെ അമൃത് ഉദ്യാനത്തിൻറെ വേനൽക്കാല വാർഷിക പ്രദർശനം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ മുതൽ സെപ്റ്റംബർ 14 വരെ പൊതുജനങ്ങൾക്ക്

സൗജന്യമായി ഉദ്യാനം സന്ദർശിക്കാം. രാവിലെ 10 മുതൽ വൈകുന്നേരം 6 വരെയാണ് പ്രവേശനം. ദേശീയ കായിക ദിനത്തോടനുബന്ധിച്ച് ഈ മാസം 29 ന് കായികതാരങ്ങൾക്കും അധ്യാപക ദിനത്തോടനുബന്ധിച്ച് സെപ്റ്റംബർ 5 ന് അധ്യാപകർക്കും പ്രവേശനം ലഭിക്കും. തിങ്കളാഴ്ച ദിവസങ്ങളിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.

*****************************

## PARTITION HORRORS REMEMBRANCE DAY

1947 ലെ ഇന്ത്യാ വിഭജനത്തിൻറെ വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഓർമപ്പെടുത്തി ഇന്ന് വിഭജന ഭീതി സ്മരണാ ദിനം. വിഭജനത്തെ തുടർന്ന് പലായനം ചെയ്യേണ്ടി വന്നവരോടും, ജീവൻ നഷ്ടപ്പെട്ടവരോടുമുള്ള ആദരമായാണ് 2021 മുതൽ കേന്ദ്ര സർക്കാർ ദിനാചരണം നടത്തി വരുന്നത്. ഇന്ത്യാചരിത്രത്തിലെ ദു:ഖകരമായ അധ്യായത്തെ ഓർമപ്പെടുത്തുന്ന ദിനമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിൽ കുറിച്ചു. സാമൂഹിക സൗഹാർദ്ദത്തിൻറെയും, ഐക്യത്തിൻറെയും പ്രാധാന്യത്തെയും ദിനാചരണം അനുസ്മരിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*****************************

## STRAYDOG

ഡൽഹിയിലെ ജനവാസ മേഖലയിൽ നിന്നും തെരുവ് നായ്ക്കളെ സ്ഥിരം ഷെൽട്ടറിലേക്ക് മാറ്റണമെന്ന സുപ്രീംകോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെടുന്ന ഹർജികൾ സുപ്രീം കോടതി വിധി പറയാൻ മാറ്റി. ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ വി അൻജാരിയ എന്നിവരടങ്ങിയ മൂന്നംഗ ബഞ്ചാണ് ഹർജികൾ പരിഗണിച്ചത്. തിങ്കളാഴ്ചയാണ് ജസ്റ്റിസ് ജെ ബി പർദിവാലയും,

ജസ്റ്റിസ് ആർ മഹാദേവനും ഉൾപ്പെടുന്ന ബഞ്ച് തെരുവ് നായ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറത്തിറക്കിയത്. തെരുവ് നായകളുടെ കടിയേറ്റ് കുട്ടികളടക്കം മരിക്കുന്ന സംഭവങ്ങൾ നിരന്തരം ആവർത്തിക്കുന്നതായും, നായകളുടെ വന്ധ്യംകരണം കൊണ്ട് പേവിഷബാധ തടയാനാവില്ലെന്നും സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു.

*****************************

## DOG ISSUE – M B RAJESH (INTRO)

തെരുവുനായ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ മുന്നോട്ടുപോകാനുള്ള അധികാരം ഉണ്ടാവണമെന്ന് മന്ത്രി എം ബി. രാജേഷ്. പ്രശ്നപരിഹാരത്തിന് സംസ്ഥാനങ്ങൾക്ക് നിയമമുണ്ടാക്കാൻ അനുമതി നൽകണമെന്നും മന്ത്രി കണ്ണൂരിൽ പ്രതികരിച്ചു.

(വോയ്സ്)

*****************************

## EC-SIR

ബീഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ഉന്നയിക്കാനുള്ള സമയപരിധി 14 ദിവസം പിന്നിടുമ്പോൾ ഒരു രാഷ്ട്രീയ പാർട്ടിയും എതിർപ്പ് ഉന്നയിച്ചിട്ടില്ലെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. സെപ്റ്റംബർ 1 വരെ വോട്ടർ പട്ടിക പരിഷ്കരണത്തിൽ ആക്ഷേപങ്ങൾ ഉന്നയിക്കാം. കരട് വോട്ടർ പട്ടിക സംബന്ധിച്ച് 23,557 വോട്ടർമാർ ഇതിനകം പരാതികൾ ഉന്നയിച്ചതായും കമ്മീഷൻ വ്യക്തമാക്കി.

*****************************

## MAN KI BAAT

പ്രതിമാസ റേഡിയോ പ്രഭാഷണ പരമ്പരയായ മൻ കി ബാത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 31 ന് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. മൻ കി ബാത്തിന്റെ 125-ാം

പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, ആഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ജനങ്ങൾക്ക് ഈ മാസം 29 വരെ പങ്കുവയ്ക്കാം.

******************************

## VECE PAES - OLYMPIC MEDALIST-

1972 ലെ മ്യൂനിക് ഒളിംപിക്സ് ഹോക്കി വെങ്കല മെഡൽ ജേതാവ് വെയ്സ് പെയ്സ് കൊൽക്കത്തയിൽ അന്തരിച്ചു. 80 വയസായിരുന്നു. പാർക്കിൻസൺസ് രോഗ ബാധിതനായിരുന്നു. ടെന്നീസ് താരം ലിയാണ്ടർ പെയ്സിന്റെ പിതാവാണ് .

******************************

## RAIN - KERALA

കേരളത്തിൽ അടുത്ത നാല് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

******************************

## SENSEX, GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 105 പോയിന്റ് ഉയർന്ന് 80,645 ലും, നിഫ്റ്റി 25 പോയിന്റ് നേട്ടത്തിൽ 24,644 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ മാറ്റമില്ല. പവന് 74,320 രൂപയും, ഗ്രാമിന് 9,290 രൂപയുമാണ് ഇന്നത്തെ വില.

******************************

## REV. UKRAINE TRUMP

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ചയിൽ, യുക്രെൻ സമാധാന കരാർ ഏകപക്ഷീയമായി തീരുമാനിക്കരുതെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിനോട് യൂറോപ്യൻ നേതാക്കൾ. അലാസ്കയിൽ നാളെയാണ് ട്രംപ്-പുടിൻ കൂടിക്കാഴ്ച. ജർമൻ ചാൻസലർ ഫ്രഡറിക് മെർസ്, യുക്രെൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കി, മറ്റ് യൂറോപ്യൻ നേതാക്കൾ തുടങ്ങിയവർ ട്രംപുമായി നടത്തിയ വിർച്വൽ കൂടിക്കാഴ്ചയിലാണ് ആശങ്ക അറിയിച്ചത്. പുടിനുമായുള്ള ചർച്ച ശുഭകരമായി പര്യവസാനിച്ചാൽ, പുടിനും സെലൻസ്കിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഉടൻതന്നെ അവസരമൊരുക്കുമെന്ന് ട്രംപ് അറിയിച്ചു.

***************************************

## IOA – CWG

2030-ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാനുള്ള ശ്രമങ്ങൾക്ക് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അംഗീകാരം. ഡൽഹിയിൽ ഇന്നലെ ചേർന്ന അസോസിയേഷൻ പ്രത്യേക പൊതുയോഗത്തിലായിരുന്നു തീരുമാനം. സമയപരിധി അവസാനിക്കുന്ന ഈ മാസം 31-ന് മുമ്പ് ഇന്ത്യ ആതിഥേയത്വത്തിനായുള്ള അന്തിമ അപേക്ഷ നൽകും.

***************************************

## BOXING – SUB JUNIOR

ഗ്രേറ്റർ നോയിഡയിൽ നടന്ന സബ് ജൂനിയർ, അണ്ടർ-15 ദേശീയ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഹരിയാനയ്ക്ക് കിരീടം. 4 സ്വർണം, 2 വെള്ളി, 6 വെങ്കലവുമുൾപ്പെടെയാണ് ഹരിയാനയുടെ കിരീടനേട്ടം. സർവീസസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഉത്തർപ്രദേശും പെൺകുട്ടികളുടെ വിഭാഗത്തിൽ മഹാരാഷ്ട്രയുമാണ് മൂന്നാമത്.

****************************************************************************************